Class No. : ..................................

Name : ......................................

**SFE 08**

## SECOND YEAR – FIRST TERMINAL EVALUATION 2019-2020

Part – II

Time : 2 $\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

1. താഴെപ്പറയുന്നവയിൽ നിന്ന് എഴുത്തച്ഛൻ കവിതയ്ക്ക് യോജിക്കുന്നവ തിരഞ്ഞെടുത്തെഴുതുക.
   - നിത്യജീവിത സാഹചര്യങ്ങളിൽ നിന്നും രൂപപ്പെട്ട പദങ്ങളെ അർഥവത്തായി പ്രയോഗിക്കുന്നു.
   - കുറിക്കു കൊള്ളുന്ന പരിഹാസത്തിലൂടെ സാമൂഹ്യവിമർശനം നടത്തുന്നു.
   - മണിപ്രവാളകാവ്യങ്ങളെ അനുകരിച്ച് സംസ്കൃത വൃത്തങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു.
   - ലോകോക്തികൾ ധാരാളമായുപയോഗിച്ച് ധാർമ്മിക പ്രബോധനം നടത്തുന്നു.

2. മാഡ്രിഡ് നഗരത്തിന് യോജിക്കുന്ന സവിശേഷതകൾ എടുത്തെഴുതുക.

- കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള സ്ഥലം
- പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം സ്വന്തമാക്കാത്ത ആളുകളുള്ള നഗരം
- പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള നഗരം
- ഉൾക്കടലും ജലാശയങ്ങളും അതിരിടുന്ന നഗരം

3. "ആകാശത്തച്ഛൻ ചത്തുകിടപ്പതു കണ്ടു നടുങ്ങി" എന്ന പ്രയോഗത്തിന് യോജിക്കുന്ന സൂചനകൾ കണ്ടെത്തി എഴുതുക.

- കാട്ടാളന് താൻ അനാഥനാണെന്ന ബോധമുണരുന്നു.
- ഉപേക്ഷിച്ചു പോയ പിതാവിന്റെ രൂപം മേഘങ്ങളിൽ തെളിയുന്നു.
- പ്രതീക്ഷകൾക്കു വകയില്ലെന്ന ഞെട്ടിക്കുന്ന തിരിച്ചറിവുണ്ടാകുന്നു.
- പ്രകൃതിയുടെ ദുരവസ്ഥകണ്ട് ആകാശത്ത് കാർമേഘങ്ങൾ നിറയുന്നു.

4. ദിവാകരൻ എത്തിച്ചേർന്ന തെരുവിന്റെ സവിശേഷതകൾ എടുത്തെഴുതുക.

- മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്നു.
- രാത്രിയും പകലും എന്ന ഭേദമില്ലാതെ കടകൾ തുറന്നിരിക്കുന്നു.
- ഛായാപടങ്ങൾക്ക് വ്യത്യസ്ത നിറമുള്ള പ്രകാശം നൽകുന്നു.
- ഒരു കടയിലുള്ളവ മറ്റൊരിടത്തും കാണുകയില്ല.

5. ബാഹുകൻ നളൻതന്നെയാണെന്ന് കരുതാൻ സഹായകമായ സൂചനകൾ എടുത്തെഴുതുക.

- സാകേതപതിയോട് വിനയത്തോടെ പെരുമാറുന്നു.
- ബാഹുകനു മുന്നിൽ അഗ്നി അഹങ്കാരമില്ലാതെ കത്തുന്നു.
- ബാഹുകൻ തേരിൽ ദു:ഖിതനായി ഇരിക്കുന്നു.
- ബാഹുകൻ സ്പർശിക്കുമ്പോൾ വാടിയപൂക്കൾ വിളങ്ങുന്നു.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

6. "മേദിനിയിലും പുനരന്തരീക്ഷത്തിങ്കലും

ഭേദമെന്നിയേ നടന്നീടാമിന്നെനിക്കെടോ"

ഈ വാക്കുകളിലൂടെ ശകുന്തള സ്ഥാപിക്കാൻ ശ്രമിക്കുന്നതെന്താവാം ?

7. "തളിരെല്ലുകൾ കരിയും മണമോ തറയുന്നു നാഡികളിൽ ?" കാട്ടാളനെ അസ്വസ്ഥനാക്കുന്നത് എന്തിന്റെ സൂചനയാവാം ?

8. തങ്ങളുടെ സഹപാഠികൾക്ക് വീട്ടിൽ വച്ച് ഒരു പാർട്ടി കൊടുക്കണമെന്ന കുട്ടികളുടെ ആവശ്യം ന്യായമാണെന്ന് മാതാപിതാക്കൾക്ക് തോന്നിയത് എന്തുകൊണ്ടാവാം ?

9. കടയ്ക്കുള്ളിലേക്കു കടന്നുവന്ന കുട്ടികൾ ദിവാകരനെ നോക്കി നിൽക്കേ നിശ്ശബ്ദമായി കരയാൻ തുടങ്ങിയത് എന്തുകൊണ്ടാവാം ?

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വിതം. (5 × 4 = 20)**

10. "കുലടയായ നീ വന്നെന്നോടു കുലീനയെന്നലസാലാപം ചെയ്തതഖിലമലമലം."

ഈ വരികളിൽ തെളിയുന്ന, എഴുത്തച്ഛന്റെ കാവ്യാഭാഷയുടെ സവിശേഷതകൾ ലഘുക്കുറിപ്പായി എഴുതുക.

11. "ഉഗ്രപ്രകാശത്തിന്റെ ആ ചതുപ്പുനിലത്തിൽ ജീവനോടെ, സന്തോഷത്തോടെ അവശേഷിച്ച ഏകജീവികൾ ആ മത്സ്യങ്ങൾ മാത്രമായിരുന്നു."

അമ്മയുടെ അക്വേറിയത്തിൽ നിന്നും സ്വതന്ത്രരായ വർണമത്സ്യങ്ങൾക്ക് കഥയിൽ ലഭിക്കുന്ന അർഥസാധ്യതകൾ സൂചനകളായി എഴുതുക.

12. 'കിരാതവൃത്ത'ത്തിൽ, കാട്ടാളൻ സ്വതന്ത്രനായി ജീവിച്ച ഭൂതകാലത്തെ വർണിക്കുന്നതിലെ ബിംബങ്ങളുടെ സവിശേഷതകൾ ലഘുക്കുറിപ്പായി എഴുതുക.

13. കടയ്ക്കുള്ളിലേക്കുള്ള കുട്ടികളുടെ വരവ് ദിവാകരനെ ഭയപ്പെടുത്തിയത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണം യുക്തിസഹിതം കുറിക്കുക.

14. "സാധാരണ ജനങ്ങളുടെ അഭിലാഷങ്ങളും ജീവിതപ്രയാസങ്ങളും വിനോദരൂപത്തിൽ പ്രതിഫലിപ്പിക്കുന്ന നാടൻകലാരൂപമാണ് കാക്കാരശ്ശിനാടകം."

കാക്കാനും കാക്കാത്തിമാരും തമ്മിലുള്ള സംഭാഷണത്തിന്റെ വെളിച്ചത്തിൽ ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

15. "പിന്നെ നീ നിനക്കൊത്ത ദിക്കിനു പൊയ്ക്കൊള്ളണം
നിന്നിനിക്കാലം കളഞ്ഞീടായ്ക വെറുതെ നീ" ശകുന്തളയെ പ്രകോപിതയാക്കാൻ പോന്ന എന്തൊക്കെ സൂചനകൾ ദുഷ്ഷന്തന്റെ വാക്കുകളിൽ ഉണ്ടെന്ന് വിശകലനം ചെയ്യുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

16. "പുരുഷ രത്നമീ ബാഹുകനോ, ധീമാനവനെന്നോടു നാമവും വാർത്തയും ചൊന്നാൽ" എന്നിങ്ങനെയുള്ള കേശിനിയുടെ വാക്കുകൾ, ബാഹുകൻ നളൻ തന്നെയാണെന്ന ചിന്ത വഹിക്കുന്നവയാണോ ? വിശകലനക്കുറിപ്പെഴുതുക.

17. 'പ്രകൃതി തന്നെയാണ് കാട്ടാളന്റെ അമ്മ' 'കിരാത വൃത്ത'ത്തിലെ സൂചനകൾ വിലയിരുത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

18. "മരണമടഞ്ഞവരുടെ ഛായാചിത്രങ്ങൾ മാത്രം വിൽക്കുന്ന തെരുവിൽ മരണത്തിന്റെ സാന്നിധ്യമുണ്ട്. അവിടെ ബന്ധുക്കളുടെ ചിത്രങ്ങൾ അന്വേഷിച്ചു വരുന്ന ദിവാകരൻ മരണം അടുത്തെത്തിയ മനുഷ്യനാകുന്നു". ഈ പ്രസ്താവനയെ മുൻനിർത്തി 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

19. രാജ സദസ്സിൽ വച്ച് പരസ്പരം ശകാരവാക്കുകൾ ചൊരിയുന്ന ദുഷ്ഷന്തനും ശകുന്തളയും അശരീരിവാക്ക്യങ്ങൾ കേൾക്കുന്നതോടെ ഒരുമിക്കുകയാണല്ലോ. ഈ കഥാന്ത്യം എത്രമാത്രം ഔചിത്യപൂർണമാണ് ? പാഠഭാഗം വിശകലനം ചെയ്ത് സ്വാഭിപ്രായം രൂപീകരിക്കുക.

20. ഒരു ക്ലാസിക് ഭാഷ എന്ന നിലയിൽ മലയാളം ആർജ്ജിച്ച വളർച്ചയും നേട്ടങ്ങളും വിലയിരുത്തുന്ന ലഘുലേഖനം, പാഠഭാഗങ്ങളെ ആസ്പദമാക്കി തയ്യാറാക്കുക.

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)

ഒച്ച്

വീടും പുറത്തേറ്റി
കൊമ്പു രണ്ടുമുയർത്തിപ്പിടിച്ച്
നിന്റെ ഈ തീർത്ഥയാത്ര എങ്ങോട്ടാണ് ?
ഈറൻ മരത്തടികളുടെ പുഷ്പം,
പായൽപ്പച്ചയുടെ വെളുത്ത കാമുകൻ,
മനുഷ്യലോകത്തിന്റെ തിരക്കിനെ പരിഹസിക്കുന്ന
മന്ദവേഗത്തിന്റെ ദാർശനികൻ.
ഞങ്ങൾ ഈ കാണുന്നതു നിന്റെ
പുറമാണോ, അതോ അകമോ?
തൊലിയെച്ചൊല്ലിയുള്ള ഞങ്ങളുടെ
തർക്കങ്ങളെയും തരംതിരിവുകളെയും
നീ എങ്ങനെ വിമർശിക്കുന്നു ?
ശൈശവംമുതൽ വാർധക്യം വരെ
നീ ഞങ്ങളുടെ ദിവസങ്ങളിലും ഓർമ്മകളിലും
ഒട്ടിപ്പിടിക്കുന്നു.

(സച്ചിദാനന്ദൻ)

21. കവി ഒച്ചിനു നൽകുന്ന വിശേഷണങ്ങൾ ഏവ.

22. ഒച്ച് മന്ദവേഗത്തിന്റെ ദാർശനികനാണെന്ന് പറയുന്നതെന്തു കൊണ്ടാവാം?

23. ഒച്ചിനെ കവി മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തുന്നതെങ്ങനെ.

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വിതം.** **(2 × 8 = 16)**

24. "കുട്ടികളുടെയും മുതിർന്നവരുടെയും വ്യത്യസ്ത ലോകങ്ങളും ഈ ലോകത്തിൽ കുട്ടികൾക്കും അവരുടെ ഭാവനയ്ക്കുമുള്ള ഉന്നതമായ സ്ഥാനവും ആവിഷ്കരിക്കപ്പെടുന്ന കഥയാണ് പ്രകാശം ജലം പോലെയാണ്".

    കഥയുടെ സവിശേഷതകൾ വിലയിരുത്തി ഈ അഭിപ്രായത്തിന്റെ സാധുത നിർണയിക്കുക.

25. "കുടിയിറക്കപ്പെട്ടവന്റെ ദൈന്യവും പ്രതിഷേധവും ദൃശ്യബിംബങ്ങളുടെ ധാരാളിത്തത്തിലൂടെ പ്രത്യക്ഷവൽക്കരിക്കുന്ന കവിതയാണ് 'കിരാതവൃത്തം'." ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

26. കഥകളിയുടെ സവിശേഷതകൾ, കേശിനി എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം എന്നിവയുൾപ്പെടുത്തി 'കേശിനീമൊഴി' യുടെ രംഗാവതരണത്തിനു മുന്നോടിയായുള്ള ആമുഖപ്രഭാഷണം തയ്യാറാക്കുക.